പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 880 04/03/2020-ലെ മറുപടി

ബാവിക്കര കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | | ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | കാസർഗോഡ് ജില്ലയിൽ ബാവിക്കര കുടിവെള്ള പദ്ധതി എന്ന് പൂർത്തീകരിക്കാനാവും എന്ന് അറിയിക്കാമോ; | (എ) | ചന്ദ്രഗിരി പുഴയിൽ ബാവിക്കരയിൽ സ്രോതസ്സ് സ്ഥിതിചെയ്യുന്നതും കിഫ്ബി 2016-17 ഇൽ ഉൾപ്പെടുത്തി 76 കോടി രൂപയുടെ ധനസഹായ അനുമതിയിൽ പുരോഗമിച്ചു വരുന്ന കാസർഗോഡ് മുനിസിപ്പാലിറ്റിയ്ക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി നാല് പാക്കേജുകളായാണ് നടപ്പിലാക്കുന്നത് . ഇതിൽ പാക്കേജ് II, പാക്കേജ് - III, പാക്കേജ് -IV ൽ ഉൾപ്പെട്ടിട്ടുള്ള പമ്പിംഗ് മെയിൻ, ട്രാൻസ്ഫോർമർ, 55 MLD ജലശുദ്ധീകരണശാല, സബ്സ്റ്റേഷൻ, ബിൽഡിങ്, ഗ്രാവിറ്റി മെയിൻ, കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ജലസംഭരണികൾ തുടങ്ങിയ പ്രവൃത്തികൾ മാർച്ച് മാസം അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. എന്നാൽ പദ്ധതി പ്രവർത്തന സജ്ജമാകണമെങ്കിൽ പദ്ധതിയുടെ സ്രോതസ്സിലും ശുദ്ധീകരണ ശാലയിലും വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ടതുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് KSEB യ്ക്ക് ഒടുക്കേണ്ട തുക കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പാക്കേജ് V ൽ ഉൾപ്പെട്ടിട്ടുള്ള ചെമ്മനാട് പഞ്ചായത്തിനു വേണ്ടിയുള്ള ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനാവശ്യമായ രണ്ട് സ്ഥലങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ഈ സ്ഥലങ്ങൾ ലഭ്യമായാൽ മാത്രമേ ടെൻഡർ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |
| ബി) | ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ഏതൊക്കെ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനാവും; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | | പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കാസർഗോഡ് മുനിസിപ്പാലിറ്റി, ചെങ്കള, മുളിയാർ, മധൂർ, മൊഗ്രാൽ, പുത്തൂർ, ചെമ്മനാട് പഞ്ചായത്ത് തുടങ്ങിയ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കുന്നതാണ്. |
| സി) | പദ്ധതിക്കായി സൗജന്യമായി സ്ഥലം നൽകി മറ്റെല്ലാ സഹായങ്ങളും ചെയ്ത പ്രദേശവാസികൾ, പദ്ധതിയോടനുബന്ധിച്ച് ട്രാക്ടർവേ അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ചത് വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | | ഉണ്ട്. ഈ സ്ഥലത്ത് പാലം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി പാലത്തിന്റെ രൂപകല്പന ഐ. ഡി. ആർ. ബിയിൽ നടന്നുവരുന്നു. |
| ഡി) | ട്രാക്ടർവേ നിർമ്മാണം നിലവിലുള്ള പദ്ധതിയോടൊപ്പം യാഥാർത്ഥ്യമാക്കുന്നതിലേക്കായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | | ഇപ്പോൾ ചെയ്യുന്ന പ്രവൃത്തി നേരത്തേ ചെയ്ത വർക്കിന്റെ ബാക്കി പ്രവത്തിയായിട്ടാണ് ഏറ്റെടുത്തിട്ടുള്ളത്. അതു കാരണം ഇതോടൊപ്പം പാലം നിർമ്മാണം കൂടി ഉൾപ്പെടുത്താൻ സാധിക്കില്ല. എന്നാൽ ജനപ്രതിനിധികളുടെയും ജനങ്ങളുടെയും ആവശ്യം പരിഗണിച്ച് ഇപ്പോൾ പണിനടക്കുന്ന സ്ഥലത്തിന് താഴെയായി പുതിയ പാലത്തിനായുള്ള പര്യവേഷണ പ്രവൃത്തി ചെയ്തു കഴിഞ്ഞു. പാലത്തിന്റെ രൂപകല്പന ഐ. ഡി. ആർ. ബി യിൽ നടന്നു വരുന്നു. രൂപകല്പന ലഭിക്കുന്ന മുറയ്ക്ക് വിശദമായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ